**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6661** **11-11-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യക്ഷേമ പെന്‍ഷന്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീര്‍ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യക്ഷേമ പെന്‍ഷന്‍ ലഭിക്കുന്നതിനുള്ള അര്‍ഹതാ മാനദണ്ഡങ്ങള്‍ വിശദമാക്കാമോ; | (എ) | (എ) സാമൂഹ്യ സുരക്ഷാ പെന്‍ഷനുകള്‍ ലഭിക്കുന്നതിനുള്ള അര്‍ഹതാ മാനദണ്ഡങ്ങള്‍ അനുബന്ധം-1 ആയി ചേര്‍ത്തിരിക്കുന്നു |
| (ബി) | വികലാംഗ ക്ഷേമ കോര്‍പ്പറേഷനില്‍ രജിസ്റ്റര്‍ ചെയ്ത മുഴുവന്‍ തൊഴില്‍രഹിത വികലാംഗര്‍ക്കും സാമൂഹ്യക്ഷേമ പെന്‍ഷന്‍ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | (ബി) വികലാംഗ പെന്‍ഷന്‍ സാമൂഹ്യ സുരക്ഷാ പെന്‍ഷനില്‍ ഉള്‍പ്പെടുന്നു. വികലാംഗ പെന്‍ഷനുള്ള അപേക്ഷ ബന്ധപ്പെട്ട പ്രാദേശിക സര്‍ക്കാരില്‍ സമര്‍പ്പിക്കുന്നപക്ഷം നിശ്ചിത മാനദണ്ഡങ്ങള്‍ പ്രകാരം അര്‍ഹതയുള്ളവര്‍ക്ക് ആയത് അനുവദിക്കുന്നതാണ്. |
| (സി) | വിധവകള്‍ക്കും വിവാഹമോചിതകള്‍ക്കും സാമൂഹ്യക്ഷേമ പെന്‍ഷന് അര്‍ഹതയുണ്ടോ; ഇല്ലെങ്കില്‍ ഇക്കാര്യം പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | (സി) വിധവകളായവര്‍ക്ക് മാനദണ്ഡങ്ങള്‍ പ്രകാരം അര്‍ഹതയുള്ള പക്ഷം വിധവാ പെന്‍ഷന്‍ / വാര്‍ദ്ധക്യകാല പെന്‍ഷന്‍ / വികലാംഗ പെന്‍ഷന്‍ / കര്‍ഷക തൊഴിലാളി പെന്‍ഷന്‍ എന്നിവയിലേതെങ്കിലും ഒരു പെന്‍ഷനോ ഏതെങ്കിലുമൊരു ക്ഷേമനിധി പെന്‍ഷനോ ലഭിക്കുന്നതാണ്. വിവാഹ മോചിതരായവരെ വിധവയായി കണക്കാക്കാന്‍ കഴിയാത്തതിനാല്‍ അവര്‍ക്ക് വിധവ പെന്‍ഷന്‍ ലഭിക്കാന്‍ അര്‍ഹതയില്ല. എന്നാല്‍ അവര്‍ക്ക് മാനദണ്ഡങ്ങള്‍ പ്രകാരം അര്‍ഹതയുള്ള പക്ഷം വാര്‍ദ്ധക്യകാല പെന്‍ഷന്‍ / വികലാംഗ പെന്‍ഷന്‍ / കര്‍ഷക തൊഴിലാളി പെന്‍ഷന്‍ എന്നിവയിലേതെങ്കിലും ഒരു പെന്‍ഷനോ ഏതെങ്കിലുമൊരു ക്ഷേമനിധി പെന്‍ഷനോ ലഭിക്കുന്നതാണ്. വിവാഹമോചിതരായവര്‍ക്ക് വിധവാ പെന്‍ഷന്‍ അനുവദിക്കുന്ന വിഷയം സര്‍ക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | നിലവില്‍ സാമൂഹ്യക്ഷേമ പെന്‍ഷന്‍ കൈപ്പറ്റുന്നവരുടെ എണ്ണം ജില്ല, ഇനം എന്നിവ തിരിച്ച് വിശദമാക്കാമോ; | (ഡി) | സാമൂഹ്യ ക്ഷേമ പെന്‍ഷന്‍ ഗുണഭോക്താക്കളുടെ എണ്ണം അനുബന്ധം 2 ആയി ചേര്‍ത്തിരിക്കുന്നു. |
| (ഇ) | കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് പ്രസ്തുത | (ഇ) | (ഇ) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് പ്രസ്തുത |

| | | | |
|---|---|---|---|
| | പെൻഷൻ വാങ്ങിയവരുടെ എണ്ണം ജില്ല, ഇനം എന്നിവ തിരിച്ച് വെളിപ്പെടുത്തുമോ? | | പെൻഷൻ വാങ്ങിയവരുടെ എണ്ണം, ജില്ല, ഇനം എന്നിവ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

## സാമൂഹ്യ സുരക്ഷാ പെൻഷനുള്ള പൊതു മാനദണ്ഡങ്ങൾ

1. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്(വിവാഹിതരായ മക്കളുടെ വരുമാനം കണക്കിലെടുക്കേണ്ടതില്ല)
2. അപേക്ഷകൻ സർവ്വീസ് പെൻഷണർ / കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്. (2000 രൂപ വരെ എക്സ്ഗ്രേഷ്യാ കുടുംബപെൻഷൻ വാങ്ങുന്നവർക്ക് ഈ നിബന്ധന ബാധകമല്ല)
3. അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്.
4. അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത് (പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല).
5. 1000 സി സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള , ടാക്സിയല്ലാത്ത , നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ (അംബാസഡർ കാർ ഒഴികെ) സ്വന്തമായുള്ള വ്യക്തികളാകരുത്.
6. അപേക്ഷകൻ കേന്ദ്രസർക്കാർ/ മറ്റുസംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽ നിന്നും ശമ്പളം/പെൻഷൻ/ കുടുംബ പെൻഷൻ ലഭിയ്ക്കുന്ന വ്യക്തിയാകരുത്.
7. അപേക്ഷകൻ കേന്ദ്ര/ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ/ കുടുംബ പെൻഷൻ ലഭിക്കുകയും ചെയ്യുന്ന വ്യക്തിയാകരുത്.

### ഓരോ ഇനം പെൻഷനുമുള്ള പ്രത്യേക മാനദണ്ഡങ്ങൾ

### 1. വാർദ്ധക്യകാല പെൻഷൻ

I) പെൻഷന് അർഹതയ്ക്കുള്ള കുറഞ്ഞപ്രായം 60 വയസ്സാണ്.

### 2. കർഷക തൊഴിലാളി പെൻഷൻ

i) 60 വയസ്സോ അതിനു മുകളിലോ ആയിരിക്കണം

ii) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരിക്കണം

### 3. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ

I) അപേക്ഷക 50 വയസ്സ് പൂർത്തിയാക്കിയിരിക്കണം.

ii) അപേക്ഷക അവിവാഹിതയായിരിക്കണം

### 4. വിധവാ പെൻഷൻ

i) ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തതോ ആയവർക്കു മാത്രമേ വിധവാ പെൻഷൻ ലഭിയ്ക്കുവാൻ അർഹതയുള്ളൂ.

അപ്രകാരം ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/ 7 വർഷത്തിലധികമായി ഭർത്താവിനെ കാണ്മാനില്ലാ എന്ന് റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ. പ്രസ്തുത സർട്ടിഫിക്കറ്റിന്റെ നമ്പർ, തീയതി, സർട്ടിഫിക്കറ്റ് നൽകിയ പ്രാദേശിക സർക്കാർ എന്നിവ സേവനയിൽ രേഖപ്പെടുത്തേണ്ടതും സർട്ടിഫിക്കറ്റ് അപ്-ലോഡ് ചെയ്യേണ്ടതുമാണ്.

ii) ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും (deserted) പുനർ വിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളപക്ഷം മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ ലഭിയ്ക്കുവാൻ അർഹതയുണ്ട്.

iii) നിയമപരമായി വിവാഹ മോചനം നേടിയവരെ വിധവയായി കണക്കാക്കാനാകില്ല. അതിനാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

iv) ഖണ്ഡിക 4(ii) പ്രകാരം ഉപേക്ഷിക്കപ്പെട്ടതല്ലാതെ ഭർത്താവിൽ നിന്നും അകന്നു കഴിയുന്ന വിധവയല്ലാത്ത വ്യക്തികൾക്ക് വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ല.

**5. വികലാംഗ പെൻഷൻ**

i) വികലാംഗനായ വ്യക്തിക്ക് വികലാംഗ പെൻഷനു പുറമേ മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും .

ii) വികലാംഗ പെൻഷൻ ഗുണഭോക്താവ് ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കുന്ന വ്യക്തിയാണെങ്കിൽ രണ്ടാമത്തെ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹനല്ല .

iii) നിലവിൽ വികലാംഗ പെൻഷൻ ഒഴികെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചു വരുന്ന വികലാംഗനായ വ്യക്തിക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി വികലാംഗ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

തനത് ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്ന് പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് ബോർഡ് പെൻഷന് പുറമേ വികലാംഗ പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. അത്തരക്കാർക്ക് മറ്റ് വികലാംഗ പെൻഷൻ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന രണ്ടാമത്തെ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**മറ്റ് മാനദണ്ഡങ്ങൾ / നിർദ്ദേശങ്ങൾ**

**1.** 06/02/2017-നു മുൻപ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങിവരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു

സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

2. 06/02/2017 മുതൽ ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ .
3. തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാപെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. 06/07/2018 തീയതിക്ക് മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ലഭിച്ചു വന്നിരുന്ന ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്.
4. പ്രതിമാസം 4000/- രൂപ വരെ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ നിലവിലുള്ള പുതുക്കിയ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും. എന്നാൽ പ്രതിമാസം 4000/- രൂപയ്ക്കു മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതിനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.
5. പ്രതിമാസം 4000/- രൂപ വരെ എക്സ്ഗ്രേഷ്യ പെൻഷൻ/ എൻ.പി.എസ്.പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി സാമൂഹ്യ സുരക്ഷാ പെൻഷൻ/ ഒരു ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും.
6. സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിലെ കുടുംബ പെൻഷണർമാർ നിലവിൽ മറ്റു സാമൂഹ്യസുരക്ഷാ പെൻഷൻ/ ക്ഷേമനിധിബോർഡ് പെൻഷൻ കൈപ്പറ്റാത്തവരാണെങ്കിൽ അവർക്ക് ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ പൂർണ്ണ നിരക്കിൽ ലഭിയ്ക്കുവാൻ അർഹതയുണ്ട്.
7. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവിന്റെ/അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ താഴെ വിശദീകരിച്ചിട്ടുള്ള വിഭാഗത്തിലുള്ളവർ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളുള്ള ഗണത്തിൽപ്പെടുന്നു.

(I) 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ആധുനിക രീതിയിൽ ഫ്ലോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവർ

(ii) താമസിക്കുന്ന വീട്ടിൽ എയർകണ്ടീഷണർ ഉള്ളവർ.

(iii) കുടുംബത്തിൽ 1000 സി.സി- യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള എ.സി.വാഹനമുള്ളവർ.

| | അനുബന്ധം 2 | | | | | |
|---|---|---|---|---|---|---|
| ജില്ല | കർഷക തൊഴിലാളി പെൻഷൻ | ഇന്ദിരഗാന്ധി നാഷണൽ വാർദ്ധക്യകാല പെൻഷൻ | ഇന്ദിരഗാന്ധി നാഷണൽ വികലാംഗ പെൻഷൻ | 50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | ഇന്ദിരഗാന്ധി നാഷണൽ വിധവ പെൻഷൻ | ആകെ |
| തിരുവനന്തപുരം | 35679 | 298738 | 43915 | 5015 | 151333 | 534680 |
| കൊല്ലം | 22363 | 240423 | 39069 | 3046 | 135073 | 439974 |
| പത്തനംതിട്ട | 15323 | 123031 | 15015 | 1702 | 47248 | 202319 |
| ആലപ്പുഴ | 46839 | 197088 | 27919 | 5550 | 75982 | 353378 |
| കോട്ടയം | 29562 | 180742 | 22142 | 3600 | 60103 | 296149 |
| ഇടുക്കി | 10661 | 106191 | 12814 | 1106 | 39517 | 170289 |
| എറണാകുളം | 33685 | 272782 | 32903 | 7507 | 119468 | 466345 |
| തൃശ്ശൂർ | 40083 | 277290 | 36294 | 14993 | 142341 | 511001 |
| പാലക്കാട് | 45960 | 235920 | 34144 | 9980 | 131240 | 457244 |
| മലപ്പുറം | 32260 | 278259 | 54325 | 6512 | 159179 | 530535 |
| കോഴിക്കോട് | 49705 | 233979 | 35841 | 10994 | 127471 | 457990 |
| വയനാട് | 13108 | 60537 | 9605 | 720 | 37497 | 121467 |
| കണ്ണൂർ | 35046 | 224817 | 29819 | 14664 | 100066 | 404412 |
| കാസർഗോഡ് | 13081 | 92439 | 19080 | 2281 | 62097 | 188978 |
| **ആകെ** | **423355** | **2822236** | **412885** | **87670** | **1388615** | **5134761** |

| അനുബന്ധം 3 | | | | | | | |
|---|---|---|---|---|---|---|---|
| ജില്ല | കർഷക തൊഴിലാളി പെൻഷൻ | ഇന്ദിരഗാന്ധി നാഷണൽ വാർദ്ധക്യകാല പെൻഷൻ | ഇന്ദിരഗാന്ധി നാഷണൽ വികലാംഗ പെൻഷൻ | വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | ഇന്ദിരഗാന്ധി നാഷണൽ വിധവ പെൻഷൻ | ആകെ |
| തിരുവനന്തപുരം | 36827 | 282121 | 43344 | 4940 | 148594 | 515826 |
| കൊല്ലം | 22892 | 230090 | 38822 | 3004 | 134030 | 428838 |
| പത്തനംതിട്ട | 15485 | 116966 | 14876 | 1657 | 46518 | 195502 |
| ആലപ്പുഴ | 47430 | 189291 | 27693 | 5499 | 74822 | 344735 |
| കോട്ടയം | 30028 | 169971 | 21990 | 3528 | 59029 | 284546 |
| ഇടുക്കി | 10805 | 101074 | 12680 | 1064 | 38854 | 164477 |
| എറണാകുളം | 34471 | 258315 | 32683 | 7419 | 117818 | 450706 |
| തൃശ്ശൂർ | 41690 | 263566 | 35928 | 14773 | 141198 | 497155 |
| പാലക്കാട് | 47425 | 225235 | 33678 | 9792 | 129433 | 445563 |
| മലപ്പുറം | 33719 | 264431 | 53453 | 6364 | 159088 | 517055 |
| കോഴിക്കോട് | 50614 | 220208 | 35296 | 10885 | 125945 | 442948 |
| വയനാട് | 13195 | 57767 | 9479 | 689 | 37094 | 118224 |
| കണ്ണൂർ | 36170 | 216391 | 29516 | 14396 | 98858 | 395331 |
| കാസർഗോഡ് | 13438 | 88316 | 18806 | 2207 | 61332 | 184099 |
| **ആകെ** | **434189** | **2683742** | **408244** | **86217** | **1372613** | **4985005** |